**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6381** **20-03-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ വനവത്കരണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യ വനവൽക്കരണത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് സാമൂഹ്യവനവൽക്കരണത്തിനായിവനത്തിന് പുറത്തുള്ള വൃക്ഷവൽക്കരണ പദ്ധതികളാണ് വനംവകുപ്പ് മുഖ്യമായി നടപ്പിലാക്കിവരുന്നത്. ഇതിന്റെ ഭാഗമായി ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. വിദ്യാലയങ്ങളിൽ ഫോറസ്ട്രി ക്ലബ്ബുകളുടെ സഹായത്തോടെ ചെറുവനങ്ങൾ നട്ടു വളർത്തുന്ന വിദ്യാവനം, നഗരങ്ങളിൽ ചെറു വനങ്ങൾ സൃഷ്ടിക്കുന്ന നഗരവനം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ പങ്കാളിത്തത്തോടെ വൃക്ഷാവരണം വിപുലപ്പെടുത്തുന്ന വൃക്ഷസമൃദ്ധി പദ്ധതി, തീരദേശ സംരക്ഷണത്തിനായി കാറ്റാടിത്തൈകൾ വച്ച് പിടിപ്പിക്കൽ, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, നദീതീരങ്ങളുടെ സംരക്ഷണത്തിനായി മുളത്തൈകൾ നട്ടുപിടിപ്പിക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ സ്വകാര്യഭൂമികളിൽ വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾക്കായി നാളിതുവരെയായി ചെലവഴിച്ച തുക, അവയുടെ പുരോഗതി എന്നിവ വെളിപ്പെടുത്തുമോ; | (ബി) | പ്രസ്തുത പദ്ധതികൾക്കായി 2020-21 വർഷത്തിൽ 1341.43 ലക്ഷം(പതിമൂന്ന്കോടി നാൽപത്തിയൊന്ന് ലക്ഷത്തി നാല്പത്തിമൂവായിരം രൂപ) രൂപയും, 2021-22 വർഷത്തിൽ 998.73 ലക്ഷം (ഒൻപത് കോടി തൊണ്ണൂറ്റിയെട്ട് ലക്ഷത്തി എഴുപത്തിമൂവായിരം രൂപ) രൂപയും, 2022-23 വർഷത്തിൽ 598 ലക്ഷം (അഞ്ചു കോടി തൊണ്ണൂറ്റിയെട്ട് ലക്ഷം രൂപ) രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>പ്രസ്തുതപദ്ധതികൾ വഴി നട്ടുപിടിപ്പിച്ച വൃക്ഷത്തൈകളുടെ വളർച്ചയും, അതിജീവനവും പ്രാരംഭകാലം മുതൽതന്നെ പരിശോധിച്ചിട്ടുള്ളതും |

| | | | |
|---|---|---|---|
| | | | നല്ലരീതിയിൽ വളരുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തി എവിടെയെല്ലാമാണ് വനവൽക്കരണ പരിപാടികൾ നടപ്പിലാക്കിയതെന്ന് അറിയിക്കുമോ? | (സി) | സർക്കാർ/സർക്കാരിതര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രധാന പാതയോരങ്ങൾ എന്നിവിടങ്ങളിലെ ലഭ്യമായ സ്ഥലങ്ങൾ, നദീതടങ്ങൾ (മുളത്തൈകൾ നട്ടുപിടിപ്പിക്കൽ), കടൽത്തീരങ്ങൾ (കാറ്റാടിത്തൈകൾ വച്ചുപിടിപ്പിക്കൽ) എന്നിവിടങ്ങളിലാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിവരുന്നത്. |

സെക്ഷൻ ഓഫീസർ